## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.801.** **27.04.2017 ൽ മറുപടിയ്ക്ക്**

## ബിയർ - വൈൻ പാർലറുകളുടെ ലൈസൻസ് ഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് രൂപപ്പെടുത്തിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ബിയർ-വൈൻ പാർലറുകൾ, കള്ളുഷാപ്പുകൾ, ബാറുകൾ എന്നിവയുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ കാലാവധി നീട്ടി/പുതുക്കി നൽകിയത് പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | അല്ല. |
| (സി) | ബിയർ-വൈൻ പാർലറുകൾ, കള്ളുഷാപ്പുകൾ, ബാറുകൾ ഇവ ഓരോന്നിനും മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചിരുന്ന ലൈസൻസ് ഫീസ് എത്രയായിരുന്നു; | (സി) | ബിയർ/വൈൻ പാർലറുകൾക്ക് 4 ലക്ഷം രൂപയും, ബാറുകൾക്ക് 23 ലക്ഷം രൂപയും ആയിരുന്നു മുൻ സർക്കാരിന്റെ 2016-17 കാലയളവിലെ ലൈസൻസ് ഫീസ്. കള്ള്ഷാപ്പുകൾക്ക് ഏകീകൃത ലൈസൻസ് ഫീസ് നിലവിലില്ല. ഓരോന്നിനും കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന തരത്തിൽ വ്യത്യസ്തമായ ലൈസൻസ് ഫീസാണ് നിലവിലുള്ളത്. 24.02.2014-ലെ GO(P)/38/2014/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടു |

| | | | |
|---|---|---|---|
| | | | ള്ളതനുസരിച്ചുള്ള ലൈസൻസ് ഫീസാണ് (റെന്റൽ) നിലവിലുള്ളത്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാലാവധി പുതുക്കി/ നീട്ടി നൽകിയ ഓരോന്നിനും നിശ്ചയിച്ച ലൈസൻസ് ഫീസ് എത്രയായിരുന്നു; | (ഡി) | 2016-17 കാലയളവിലെ ലൈസൻസ് ഫീസിന് ആനുപാതികമായ തുക ഈടാക്കിയാണ്, 2017-18 വർഷത്തേക്ക് കള്ള്ഷാപ്പുകൾ 3 മാസത്തേയ്ക്കും, മറ്റുള്ള മദ്യഷാപ്പുകൾ ഒരു വർഷത്തേയ്ക്കും കാലാവധി ദീർഘിപ്പിച്ച് നൽകിയത്. (ബിയർ/വൈൻ പാർലറുകൾക്ക് 4 ലക്ഷം രൂപയും, ബാറുകൾക്ക് 23 ലക്ഷം രൂപയും) |
| (ഇ) | കാലാവധി പുതുക്കി/നീട്ടി നൽകിയപ്പോൾ, മുൻ സർക്കാർ നിശ്ചയിച്ച ലൈസൻസ് ഫീസിൽ എന്തെങ്കിലും വർദ്ധന വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | വർദ്ധനവ് വരുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**